**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ – 695035
**ഫോൺ:** 04712302490 **ഫാക്സ്:** 04712303025/20303080
**ഇ-മെയിൽ :** dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in

ഇ.എച്ച് 1 - 76500/2022/ആ.വ.ഡ. തിരുവനന്തപുരം തീയതി. 24/11/2022

# സർക്കുലർ

വിഷയം: ആരോഗ്യവകുപ്പ് – ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ [ABDM] പദ്ധതിയുടെ ഭാഗമായി HFR, HPR റജിസ്ട്രേഷനുകൾ 30.11.2022 –ന് മുൻപ് പൂർത്തിയാക്കുന്നത് – സംബന്ധിച്ച്

പരാമർശം: 1. ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശം
2. 23/11/2022 –ലെ സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫ്രൺസിലെ തീരുമാനം

കേന്ദ്ര അരോഗ്യ മന്ത്രാലയത്തിന്റെ ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ [ABDM] പദ്ധതിയുടെ ഭാഗമായി അരോഗ്യവകുപ്പിനു കീഴിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജനറൽ ആശുപത്രികൾ വരെയുള്ള മുഴുവൻ സ്ഥാപനങ്ങളും Health Facility Registry (HFR) -യിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്ഥാപന മേധാവികൾ അടിയന്തിരമായി പുർത്തിയാക്കേണ്ടതായിട്ടുണ്ട്. കൂടാതെ അരോഗ്യവകുപ്പിനു കീഴിൽ ജോലി ചെയ്യുന്ന എല്ലാ ഡോക്ടർമാരും Healthcare Professioanals Registry (HPR) അടിയന്തിരമായി പുർത്തിയാക്കേണ്ടതായിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിക്കുമ്പോൾ ധാരാളം സ്ഥാപനങ്ങൾ ഇനിയും HFR രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് കാണുന്നു. കൂടാതെ ബഹുഭൂരിപക്ഷം ഡോക്ടർമാരും HPR ചെയ്തിട്ടില്ല എന്നും കാണുന്നു. ബഹു. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറി മേൽ വിഷയം പരിശോധിക്കുകയും 30.11.2022 –ന് മുൻപ് HFR, HPR റജിസ്ട്രേഷനുകൾ പൂർത്തിയാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാരും അവരവരുടെ ജില്ലകളിൽ HFR, HPR റജിസ്ട്രേഷനുകൾ മേൽപ്പറയുന്ന കലാവധിക്ക് മുൻപായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

24/11/2022

ഡോ. മീനാക്ഷി വി
ആരോഗ്യ വകുപ്പ് ഡയറക്ടർ i/c

സ്വീകർത്താക്കൾ – 14 ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

പകർപ്പ് – 1. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്.
2. ഫയൽ